"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് - 2023-24 - "വില്പനശാലകളുടെ ആധുനികവൽക്കരണവും, നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങളുടേയും സംഭരണ ശാലകളുടേയും കമ്പ്യൂട്ടർവൽക്കരണവും നവീകരണവും" എന്ന പദ്ധതിക്കായി ₹15 ലക്ഷം (പതിനഞ്ച് ലക്ഷം രൂപ മാത്രം) റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.38/2024/ID തീയതി,തിരുവനന്തപുരം, 14-01-2024

---

പരാമർശം:- 1. സ.ഉ.(സാധാ) നം.402/2023/വ്യവ. തീയതി 16.05.2023.
2. സ.ഉ.(സാധാ) നം.644/2023/വ്യവ. തീയതി 25.06.2023.
3. കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് സെക്രട്ടറിയുടെ 11.10.2023 -ലെ നമ്പർ കെ.ബി.3772/2015/എ8 കത്ത്.

**<u>ഉത്തരവ്</u>**

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ''2851-00-105-87 (പി)" എന്ന ശീർഷകത്തിൽ ₹125 ലക്ഷം/- രൂപയ്ക്ക് സൂചന (1) പ്രകാരം "വില്പനശാലകളുടെ ആധുനികവൽക്കരണവും, നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങളുടേയും സംഭരണ ശാലകളുടേയും കമ്പ്യൂട്ടർവൽക്കരണവും നവീകരണവും" എന്ന പദ്ധതിക്കായി ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതിയ്ക്കായി പരാമർശം (2) പ്രകാരം ₹25 ലക്ഷം രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ) റിലീസ് ചെയ്ത് നൽകുകയും ചെയ്തിരുന്നു.

2. 2023-24 വർഷത്തേക്കുള്ള "വില്പനശാലകളുടെ ആധുനികവൽക്കരണവും, നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങളുടേയും സംഭരണ ശാലകളുടേയും കമ്പ്യൂട്ടർവൽക്കരണവും നവീകരണവും" എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ബാക്കി തുക അനുവദിക്കാൻ പരാമർശ (3) പ്രകാരം കേരള ഖാദി ആൻഡ് ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തില് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്ന് "വില്പനശാലകളുടെ ആധുനികവൽക്കരണവും, നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങളുടേയും സംഭരണ ശാലകളുടേയും കമ്പ്യൂട്ടർവൽക്കരണവും നവീകരണവും" എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള രണ്ടാമത്തെ ഗഡുവായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് 15 ലക്ഷം (പതിനഞ്ച് ലക്ഷം രൂപ മാത്രം) ''2851-00-105-87 (പി)', എന്ന ശീർഷകത്തിൽ ചുവടെ കാണുന്ന വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു:

i. 16.04.2018-ലെ സ.ഉ.(അച്ചടി) നം.62/2018/ധന. അനുസരിച്ച് ഫണ്ടുകൾ PSTSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

ii. സർക്കുലർ നമ്പർ 84/2008/ധന തീയതി, 09.12.2008, സർക്കുലർ നം.75/09/ധന. തീയതി 29.08.2009, സർക്കുലർ നം.8/2018/വ്യവ. തീയതി 30/01/2018, സർക്കുലർ നം. 53/2018/ധന. തീയതി 16.06.2018 എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

iii. അനുവദിക്കപ്പെട്ട പദ്ധതിക്കായി മാത്രം ഫണ്ടുകൾ വിനിയോഗിക്കേണ്ടതും മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റുവാൻ പാടില്ലാത്തതുമാണ്.

iv. 11.06.2018 -ലെ സ.ഉ.(അച്ചടി) നം.88/2018/ധന., 03.07.2018 -ലെ സ.ഉ.(അച്ചടി) നം.100/2018/ധന. എന്നിവ പ്രകാരം നൽകിയ പ്ലാൻ ഫണ്ടുകളുടെ വിനിയോഗവും നിരീക്ഷണവും സംബന്ധിച്ച പ്രവർത്തന മാർഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

v. ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച സാമ്പത്തിക തത്വങ്ങളും നിയമങ്ങളും കൃത്യമായി

പാലിക്കേണ്ടതാണ്.

vi. പുതിയ ഫണ്ട് റിലീസ് പ്രൊപ്പോസലുകൾക്കൊപ്പം മുൻപ് അനുവദിച്ച തുകകളുടെ ഉപയോഗ സർട്ടിഫിക്കറ്റ് /കംപോണന്റ് തിരിച്ചുള്ള ചെലവ് വിശദാംശങ്ങളും റിലീസ് ചെയ്യാനുള്ള തുകയും 09.01.2020 -ലെ സ.ഉ.(കൈ)നം.04/2020/ധന. ഉത്തരവിന്റെ അനുബന്ധത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിശ്ചിത മാതൃകയിൽ ലഭ്യമാക്കേണ്ടതാണ്.

vii. ലോൺ മോണിറ്ററിംഗും ഫണ്ട് മാനേജ്മെന്റും സംബന്ധിച്ച് സ.ഉ. (അച്ചടി)നം.157/2021/ധന. തീയതി 26.11.2021, സ.ഉ.(അച്ചടി)നം.171/2021/ധന. തീയതി 18.12.2021 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

4. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി സമർപ്പിക്കുന്ന ബില്ലിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ / അഡീഷണൽ ഡയറക്ടർ കൗണ്ടർസൈൻ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൗരഭ് ജെയിൻ
സെക്രട്ടറി

സെക്രട്ടറി, കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ / അഡീഷണൽ ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് & കൊമേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( U.O.No.PU-D1/65/2023/Fin തീയതി 06.01.2024 പ്രകാരം).
അണ്ടർ സെക്രട്ടറി & നോഡൽ ഓഫീസർ, ബജറ്റ് മോണിറ്ററിംഗ് സിസ്റ്റം
ധനകാര്യ (ജിഎംസി) വകുപ്പ്
ഐ & പി.ആർഡി (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്).
സ്റ്റോക്ക് ഫയൽ (K1/129/2023-വ്യവ)

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
Date: 16-01-2024 12:11:35
സെക്ഷൻ ഓഫീസർ